**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 343** **22-02-2022 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതകൾക്ക് തൊഴിൽ സുരക്ഷയും സ്ഥിരവരുമാനവും ഉണ്ടാക്കുന്നതിന് ആരംഭിച്ച ജനകീയ ഹോട്ടലുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | കോവിഡ് പ്രതിസന്ധി അതിജീവിക്കുന്നതിന്റെ ഭാഗമായി എല്ലാവർക്കും ന്യായമായ വിലയ്ക്ക് ഉച്ചഭക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം 1180 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. നഗരപ്രദേശത്ത് 195 ജനകീയ ഹോട്ടലുകളും, ഗ്രാമപ്രദേശത്ത് 985 ജനകീയ ഹോട്ടലുകളുമാണ് നിലവിൽ പ്രവർത്തിച്ച വരുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നല്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ജനകീയ ഹോട്ടലുകളിൽ നിന്നും നൽകുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തിരം നൽകി വരുന്നുണ്ട്. ഇത് കൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000/- രൂപ വരെ റിവോൾവിങ് ഫണ്ട് ആയി കുടുംബശ്രീ നൽകിവരുന്നുണ്ട്. ജനകീയ ഹോട്ടൽ നടത്തിപ്പിന് ആവശ്യമായ സ്ഥലം / വാടക, വൈദ്യുതി, ജലം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം സൗജന്യമായി ലഭ്യമാക്കുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ മുഖാന്തിരവും, ഗ്രാമ തലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും വർക്കിംഗ് ഗ്രാന്റായി ലഭിച്ച വരുന്നു. ഇതിനുപുറമേ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90/- രൂപ നിരക്കിൽ ലഭ്യമാക്കുന്നുമുണ്ട്. |
| (സി) | സർക്കാർ സബ്സിഡി ഉക നൽകാത്തതിനാൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തനം | (സി) | സർക്കാർ സബ്സിഡി ഉക നൽകാത്ത സ്ഥിതി ഉണ്ടായിട്ടില്ല. ചില മാസങ്ങളിൽ കാലതാമസം |

| | | | |
|---|---|---|---|
| | നിർത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ; | | അനുഭവപ്പെട്ടത് മാത്രമേയുള്ളൂ. 42 യൂണിറ്റുകൾ താൽക്കാലികമായി അടച്ചിടേണ്ട സാഹചര്യമുണ്ടായെങ്കിലും നിലവിൽ എല്ലാ ജനകീയ ഹോട്ടലുകളും പ്രവർത്തന സജ്ജമാണ്. |
| (ഡി) | ഇവയുടെ പ്രവർത്തനം കൂടതൽ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് വിപുലീകരിക്കുന്നതിനും ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവയെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനും ഗ്രേഡിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി യൂണിറ്റുകളെ എ+, എ, ബി, സി എന്നീ വിഭാഗങ്ങളിലായി വിഭജിക്കുകയും ബി, സി വിഭാഗങ്ങളിലുള്ളവയ്ക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോമൻസ് ഇംപ്രൂവ്മെന്റ് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംരംഭമേഖലയിലെ കുടുംബശ്രീയുടെ പിന്തുണാസംവിധാനമായ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ മുഖേന അക്കൗണ്ടിംഗ്, ബുക്ക് കീപ്പിംഗ് പരിശീലനവും ബിസിനസ്സ് കൗൺസിലിംഗ്, വിപണനം എന്നിവയ്ക്കുള്ള സഹായങ്ങളും നൽകി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന തരത്തിൽ യൂണിറ്റുകളെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ യൂണിറ്റുകൾക്ക് അവരുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനായി സൂക്ഷ്മസംരംഭങ്ങൾക്ക് നൽകുന്ന വിവിധതരം ധനസഹായങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| ജില്ല | ആകെ ജനകീയ ഹോട്ടൽ | റൂറൽ യൂണിറ്റുകൾ | അർബൻ യൂണിറ്റുകൾ |
|---|---|---|---|
| തിരുവനന്തപുരം | 109 | 79 | 30 |
| കൊല്ലം | 82 | 72 | 10 |
| പത്തനംതിട്ട | 59 | 54 | 5 |
| ആലപ്പുഴ | 89 | 79 | 10 |
| കോട്ടയം | 82 | 74 | 8 |
| ഇടുക്കി | 51 | 50 | 1 |
| എറണാകുളം | 114 | 81 | 33 |
| തൃശൂർ | 97 | 86 | 11 |
| പാലക്കാട് | 102 | 92 | 10 |
| മലപ്പുറം | 128 | 107 | 21 |
| വയനാട് | 28 | 23 | 5 |
| കോഴിക്കോട് | 107 | 76 | 31 |
| കണ്ണൂർ | 89 | 75 | 14 |
| കാസർഗോഡ് | 43 | 37 | 6 |
| ആകെ | **1180** | **985** | **195** |